വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

21 (590) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും, ബോർഡുകളിലും, കോർപ്പറേഷനുകളിലും, ക്ഷേമനിധി ബോർഡുകളിലുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തസ്തികകളിൽ എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട് ; ഓരോ സ്ഥാപനത്തിലും നടത്തിയ നിയമനങ്ങൾ തസ്തിക അനുസരിച്ച് വിശദമാക്കാമോ ;

(ബി) ഇവയിൽ സ്ഥിരാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഏതെല്ലാം, താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഏതെല്ലാം ; വിശദ വിവരം വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ താൽക്കാലികാടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി.യ്ക്ക് വിട്ടിരുന്നുവോ ;

(ഇ) എങ്കിൽ ഈ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെൽടെക്കിലെ പ്രൊമോഷൻ വ്യവസ്ഥ

22 (591) ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ കെൽടെക്കിലെ മാനേജിംഗ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റിനും അസിസ്റ്റന്റ് അക്കൗണ്ട്സ് ആഫീസർക്കും യഥാക്രമം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയും അക്കൗണ്ട്സ് ആഫീസറായും സ്ഥാനക്കയറ്റം നൽകിയത് നിർദ്ദിഷ്ടയോഗ്യതയില്ലാതിന്റെ പേരിൽ തടഞ്ഞിരുന്നോ;

(ബി) ഇവർക്ക് മാനദണ്ഡം മറികടന്ന് പ്രൊമോഷൻ നൽകാൻ വീണ്ടും മാനേജ്മെന്റ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെൽടെക്കിന്റെ മാനേജിംഗ് ഡയറക്ടർ സർക്കാർ ചെലവിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടോ ; ഇതിന് ഗവൺമെന്റ് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതേ കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെൽടെക്കിലെ മാനേജർ ശ്രീ. കെ.ജി.ഗിരിഷ് ബാബുവിന് എത്ര വർഷത്തേയ്ക്കാണ് ഇൻഫർമേഷൻ കേരള മിഷനിലേയ്ക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുള്ളത് ; ഇദ്ദേഹം കാലാവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിച്ചോ; ഇദ്ദേഹം ഇപ്പോൾ ഏത് സ്ഥാപനത്തിലാണ് ജോലി നോക്കുന്നത് ;

(ഇ) കെൽടെക്കിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) കെൽടെക്കിലെ മാനേജിംഗ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് അക്കൗണ്ട്സ് ആഫീസർ എന്നിവർക്ക് യഥാക്രമം അഡ്മിനിസ്ട്രേറ്റീവ് ആഫീസറായും അക്കൗണ്ടസ് ആഫീസർ ആയും താൽക്കാലികമായി സ്ഥാനക്കയറ്റം നൽകാൻ കമ്പനി തീരുമാനിച്ചിരുന്നു. ഈ താൽക്കാലിക ക്രമീകരണം സർക്കാരിന്റെ അനുമതിയോടുകൂടിയല്ല നടത്തിയത്. അതിനാൽ ഈ ക്രമീകരണം നിർത്തിവെയ്ക്കാൻ കമ്പനിയോട് സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഈ പ്രൊമേഷനുകൾക്കുള്ള യോഗ്യതകളിൽ ഇളവു വരുത്തുന്നതു സംബന്ധിച്ച് ഉള്ള കെൽടെക്ക് മാനേജ്മെന്റിന്റെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) കെൽടെക്കിന്റെ മാനേജിംഗ് ഡയറക്ടർ സർക്കാർ ചെലവിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നില്ല.

(ഡി) കെൽടെക്കിലെ എക്സിക്യൂട്ടീവ് അസിസ്റ്റന്റായ ശ്രീ. കെ. ജി. ഗിരിഷ് ബാബുവിന് ഒരു വർഷത്തേയ്ക്കാണ് ഇൻഫർമേഷൻ കേരള മിഷനിലേയ്ക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചത്. ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് 2000 നവംബർ ഒന്നിന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ദീർഘകാല അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കമ്പനിയ്ക്ക് അവധി അപേക്ഷ നൽകിയെങ്കിലും കമ്പനി അവധി അപേക്ഷ നിരാകരിയ്ക്കുകയാണ് ഉണ്ടായത്. ഉടനെ ജോലിയിൽ തിരികെ പ്രവേശിക്കാൻ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കെൽടെക്കിൽ നിലവിലുള്ള ഒഴിവുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മുഹമ്മയിലെ കൃത്രിമ വൈരക്കൽ നിർമ്മാണ പരിശീലന കേന്ദ്രം

23 (592) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ പ്രവർത്തനം ആരംഭിച്ച മുഹമ്മയിലെ കൃത്രിമ വൈരക്കൽ നിർമ്മാണകേന്ദ്രം അടച്ചു പൂട്ടുകയുണ്ടായോ ; എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ബി) 37 പേരടങ്ങിയ ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തികരിച്ചതിനു ശേഷം രണ്ടാമത്തെ ബാച്ചിന് പരിശീലനം കൊടുക്കുവാൻ അപേക്ഷ ക്ഷണിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly